**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4294** **06-03-2023 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലാ ആശുപത്രിയിലെ കിഫ്ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസത്തിന്നായുള്ള കിഫ്ബി പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളിൽ വലിയ തോതിലുള്ള കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കൊല്ലം ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൌകര്യ വികസനത്തിനായി 104.489 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. ടി പദ്ധതിയ്ക്കായുള്ള സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് ലഭ്യമാകാനുള്ള കാലതാമസം നിർദ്ദിഷ്ട എസ്.പി.വി. ആയ കെ.എസ്.ഇ.ബി. റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ പ്രസ്തുത പദ്ധതിയ്ക്കായി ഗൃഹാ ത്രീസ്റ്റാർ റേറ്റിംഗ് ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികളിലും, കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ അന്തിമമാക്കുന്നതിനും സമയം ആവശ്യമായിരുന്നു. |
| (ബി) | നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിൽ, പ്രസ്തുത പദ്ധതി കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ കിഫ്ബി മാനദണ്ഡപ്രകാരം തൃപ്തികരമായ രീതിയിൽ തീരുമാനിച്ച് ഗൃഹ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി നിയമാനുസൃതം ആവശ്യമായുള്ള ക്ലിയറൻസുകൾ ലഭ്യമാക്കി, പുതുക്കിയ ധനാനുമതിയ്ക്കായുള്ള ശിപാർശ കെ. എസ്. ഇ. ബി കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയുടെ 45-മത് ബോർഡ് യോഗത്തിലെ തീരുമാന പ്രകാരം ടി പദ്ധതിയ്ക്ക് 143.84 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ